ഇല്ല എന്നുള്ളതാണ്. രജിസ്ട്രേഷനുള്ളവർക്ക് എടുക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം രണ്ട് ശതമാനം മാത്രം നികുതികൊടുത്താൽ മതി. ഈ കമ്മിറ്റികളെ സംബന്ധിച്ചിടത്തോളം കമ്മിറ്റികൾ ഓരോ വർക്കിനും പ്രത്യേകമായി ഉണ്ടാക്കുന്ന ഗുണഭോക്തൃ കമ്മിറ്റികളാണ്. അപ്പോൾ ആ കമ്മിറ്റികൾക്ക് രജിസ്ട്രേഷൻ എടുക്കുകയെന്നുള്ള ഒരു നടപടി സാദ്ധ്യമല്ല. അങ്ങനെയുള്ള കമ്മിറ്റികളാണ് ഇതുപോലത്തെ പണി എടുക്കുന്നത്. ഗുണഭോക്താക്കളായി ഓരോ വർക്കിനും വേണ്ടി മാത്രം ഉണ്ടാക്കുന്നതായതുകൊണ്ട് ആ കമ്മിറ്റികൾക്കും രജിസ്ട്രേഷൻ എടുക്കാൻ ബുദ്ധിമുട്ടുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാം. അതുകൊണ്ട് വ്യാപാരികളുടെ കാര്യത്തിൽ എടുത്തിട്ടുള്ള ഒരു നടപടിയുണ്ട്. 10 ലക്ഷം രൂപവരെ ടേൺ ഓവർ ഉള്ളവരെ ടാക്സിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. അതുപോലെ ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിൽ ഗ്രാമീണ വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃ കമ്മിറ്റികൾക്കും അത് എടുക്കുന്ന മറ്റ് ആളുകൾക്കും 10 ലക്ഷം രൂപവരെയുള്ള പ്രവൃത്തികളെ ടാക്സിൽനിന്നും ഒഴിവാക്കിക്കൊടുക്കുകയോ അല്ലെങ്കിൽ രണ്ടു ശതമാനം ടാക്സ്, രജിസ്ട്രേഷൻ ഇല്ലാതെ തന്നെ, എന്നുള്ള വ്യവസ്ഥ കൊണ്ടുവരികയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

11.00 A.M.]

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. 6.44 ശതമാനം നികുതിയാണ് ഇപ്പോൾ ഉണ്ടായിരുന്നത്. വാറ്റ് വന്നപ്പോൾ പന്ത്രണ്ടര ശതമാനമായി. അത് ഗുണഭോക്തൃ കമ്മിറ്റിയുടെ, ചെറിയ ചെറിയ ജോലി ചെയ്യുന്ന (എസ്.ജി.ആർ.വൈ.) ആളുകൾക്ക് ബുദ്ധിമുട്ടാണെന്ന കാര്യം ഗവണ്മെന്റിന് മനസ്സിലായി. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഗുണഭോക്തൃ കമ്മിറ്റികൾക്കും രജിസ്ട്രേഷൻ ഇല്ലാത്ത ചെറിയ കോൺട്രാക്ടർമാർക്കും 10 ലക്ഷം രൂപ വരെ ലിമിറ്റ് വേണമെന്ന് പറഞ്ഞത്. 10 ലക്ഷം രൂപ വരെയുള്ള ജോലികൾക്ക് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കണക്ക് 6.44 ശതമാനം പോലുമില്ലാതെ അത് 4 ശതമാനമാക്കി കൊടുക്കുന്നതാണ്.

## (6) മിലിട്ടറി ക്യാന്റീനുകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് ഈടാക്കുന്ന അമിത നികുതി

*ശ്രീ. രാജു എബ്രഹാം:* കേരളത്തിലെ രണ്ടു ലക്ഷത്തോളം വരുന്ന മിലിട്ടറി ഭടന്മാർ തോക്കു പിടിച്ച കൈകളിൽ ഇന്ന് കൊടി പിടിക്കുകയാണ്. ഇന്നവർ സമര രംഗത്താണ്. നമ്മുടെ രാജ്യത്തിനുവേണ്ടി സ്വന്തം ജീവൻപോലും പണയംവച്ച് വെടിയുണ്ടകൾക്കുനേരെ വിരിമാറു കാട്ടിയ ജവാൻമാരെ കുത്തുപാളയെടുപ്പിക്കുന്ന തീരുമാനം പോലെയാണ് മിലിട്ടറി ക്യാന്റീനുകളിൽ വാറ്റ് ഏർപ്പെടുത്തിയിരിക്കുന്നത്. അവിടെ മദ്യം

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ല വിൽക്കുന്നത്. സോപ്പ്, ചീപ്പ്, ബിസ്ക്കറ്റ്, മിൽക്ക് പൗഡർ, പേസ്റ്റ്, അച്ചാർ, കാർ, ബൈക്ക്, ഫാൻ മുതലായ സാധനങ്ങൾ വിൽക്കുന്നുണ്ട്. ഇവരുടെ ക്യാന്റീനുകളിൽ നിന്നും വാങ്ങുന്ന സാധനങ്ങൾക്ക് ഇപ്പോൾ 12 ശതമാനം മുതൽ 35 ശതമാനം വരെയാണ് വാറ്റ് നടപ്പാക്കിയതു പ്രകാരം ടാക്സ് ഏർപ്പെടുത്തിയിരിക്കുന്നത്. ഈ പ്രശ്നത്തിന്റെ പ്രാധാന്യം അറിഞ്ഞുകൊണ്ട് കേന്ദ്ര ഗവണ്മെന്റ് ഇടപെട്ട്, എംപവേഡ് കമ്മിറ്റി വാറ്റിന്റെ പരിധിയിൽനിന്നും മിലിട്ടറി ക്യാന്റീനുകളെ ഒഴിവാക്കാൻ തീരുമാനിച്ചു. കേരളം ഒഴികെയുള്ള മുഴുവൻ സ്റ്റേറ്റുകളിലും മിലിട്ടറി ക്യാന്റീനുകളെ ഒഴിവാക്കി. കേരളം മാത്രമാണ് ഇത് തുടരുന്നത്. മുമ്പത്തെ സബ്മിഷന് എടുത്ത തീരുമാനം പോലെ തന്നെ, നല്ല ഒരു സമീപനം എടുത്ത് വിമുക്തഭടൻമാരെ സഹായിക്കാൻ മിലിട്ടറി ക്യാന്റീനുകളെ വാറ്റിന്റെ പരിധിയിൽനിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: ഇത് വളരെ വിവാദമായ ഒരു വിഷയമാണ്. എംപവേഡ് കമ്മിറ്റി കൂടിയപ്പോൾ യുനാനിമസ് ആയി മിലിട്ടറി ക്യാന്റീനുകൾക്ക് കൊടുത്ത കൺസെഷൻ എടുത്തു കളയണമെന്ന് തീരുമാനിച്ചു. ലിക്കറും, ഡീസലും, പെട്രോളും ഒന്നും വാറ്റിന്റെ പരിധിയിൽ വരുന്നതല്ല. അത് സെയിൽസ് ടാക്സിലാണ് വരുന്നത്. എംപവേഡ് കമ്മിറ്റി ഇതിന് കൊടുക്കുന്ന കൺസെഷൻ എടുത്തു കളഞ്ഞു. വെറുതെ തീരുമാനിച്ചതല്ല. ഡിഫൻസിൽനിന്നും ആളുകളെ വിളിച്ചുവരുത്തി അവരുമായി ചർച്ച ചെയ്തതിനു ശേഷം ഏകകണ്ഠമായാണ് മിലിട്ടറി ക്യാന്റീനുകൾക്ക് കൊടുക്കുന്ന കൺസെഷൻ എടുത്തു കളയണമെന്നും, അവർക്ക് എന്തെങ്കിലും കൺസെഷൻ കൊടുക്കണമെന്നുണ്ടെങ്കിൽ അത് ഗവണ്മെന്റ് ഓഫ് ഇന്ത്യ കൊടുക്കണമെന്നും തീരുമാനിച്ചത്. എന്നാൽ രണ്ട് സംസ്ഥാനങ്ങൾക്ക്–ഡൽഹിയും, പഞ്ചാബും–ഇതൊരു പ്രധാന പ്രശ്നമാണ്. അതുകൊണ്ട് അവരെ തുടരാൻ അനുവദിക്കണമെന്ന് പറഞ്ഞു. അതിനുശേഷം അവരുടെ റിക്വസ്റ്റ് അനുസരിച്ച് അവർക്കുമാത്രം അനുവാദം കൊടുത്തു. ഇപ്പോൾ എംപവേഡ് കമ്മിറ്റി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടത് തെറ്റാണ്. ആവശ്യപ്പെട്ടിരുന്നു എന്നു മാത്രമല്ല ഈ മാസം നടന്ന എംപവേഡ് കമ്മിറ്റിയിൽ ഞാൻ പോയിരുന്നു. അന്ന് ഡിസ്ക്ഷൻവന്നു. 4 സംസ്ഥാനങ്ങൾക്ക് ഒഴിവാക്കാനുള്ള അനുവാദം കൊടുത്തു. ബാക്കി സംസ്ഥാനങ്ങളേയൊന്നും ഒഴിവാക്കിയിട്ടില്ല. ഒഴിവാക്കാൻ വേറേയും പല കാരണങ്ങളുണ്ട്. എല്ലാപേരേയും ഞാൻ പറയുന്നില്ല, ഇത് വളരെയധികം മിസ്-യൂസ് ചെയ്യുന്നുണ്ട്. ഇപ്പോൾ എവിടെ നോക്കിയാലും മിലിട്ടറി റം കിട്ടും. അതിന് ടാക്സ് ഒരുപാട് പോകുന്നുണ്ട്. എംപവേഡ് കമ്മിറ്റിയിൽ വേറെ ഒരു നിരൂപണവും വന്നു. അവിടെ പറഞ്ഞ രീതിയിൽ സോപ്പ്, ചീപ്പ് ഇവയ്ക്ക് മാത്രമല്ല; ഒരാൾക്ക് ഒരു കാർ വാങ്ങണമെന്നുണ്ടെങ്കിൽ ഒരു മിലിട്ടറിക്കാരൻ ബന്ധു ഉണ്ടെങ്കിൽ അയാളെക്കൊണ്ടു വാങ്ങിപ്പിക്കാം. എനിക്കൊരു ബന്ധു ഉണ്ടെങ്കിൽ എനിക്കും കൺസെഷനിൽ കാർ

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങാം. അതുകൊണ്ടാണ് ഇതൊക്കെ എടുത്തു കളയണമെന്ന് വിചാരിച്ചത്. അതിനൊരു പുനഃപരിശോധനാ നടപടി ഗവണ്മെന്റിന്റെ മുമ്പിലില്ല.

## (7) സാംക്രമിക രോഗങ്ങൾ തടയാൻ നടപടി

*ശ്രീ. ടി. എൻ. പ്രതാപൻ:* സർ, വളരെ ഗുരുതരമായ ഒരു കാര്യമാണ് ബഹുമാനപ്പെട്ട സഭയുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. കാലവർഷം ആരംഭിച്ചതിനുശേഷം ജൂൺ, ജൂലൈ മാസങ്ങളിൽ തൃശൂർ ജില്ലയിൽ വൈറൽ ഫീവർ, എലിപ്പനി, മലേറിയ, മഞ്ഞപ്പിത്തം എന്നിവ പിടിപെട്ട് 16 പേർ മരിക്കുകയുണ്ടായി. ജൂലൈ മാസത്തിൽ മാത്രം 13 പേരാണ് തൃശൂർ ജില്ലയിലെ വിവിധ ആശുപത്രികളിലായി മരണമടഞ്ഞത്. ജൂൺ മാസത്തിൽ 3 പേർ മരിക്കുകയുണ്ടായി. ഇതിൽ വൈറൽ ഫീവർ പിടിപെട്ട് 9 പേർ മരിച്ചു. എലിപ്പനി പിടിപെട്ട് 2 പേർ മരിച്ചു. മഞ്ഞപ്പിത്തം ബാധിച്ച് 3 പേർ മരിച്ചു. തൃശൂർ ജില്ലയിലെ എല്ലാ സ്വകാര്യ ആശുപത്രികളിലും ഗവണ്മെന്റ് ആശുപത്രികളിലും ഭയാനകമായ രീതിയിലുള്ള ഒരു അന്തരീക്ഷമാണ് ഇപ്പോഴുള്ളത്. ഫാൾസിപാരം മലേറിയ എന്നു പറയുന്നത് വളരെ ഗുരുതരമായ ഒന്നാണ്. ഇപ്പോൾത്തന്നെ തൃശൂർ ജില്ലയിലെ വിവിധ ആശുപത്രികളിലായി 51 പേർ മലേറിയ പിടിപെട്ട് കിടക്കുന്നുണ്ട്. കേരളം മലേറിയ നിർമ്മാർജ്ജനം ചെയ്ത ഒരു സംസ്ഥാനമാണെന്ന് അഭിമാനത്തോടുകൂടിയാണ് നമ്മൾ പറഞ്ഞത്. ഇപ്പോൾ 7 പേർക്കാണ് ഫാൾസിപാരം മലേറിയ പിടിപെട്ടത്. തൃശൂർ ജില്ലയിലെ ആശുപത്രികളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സ്വകാര്യ ആശുപത്രികളിലുമായി ആയിരക്കണക്കിനാളുകൾ രോഗം ബാധിച്ചവരായിട്ടുണ്ട്. ഇതിന്റെ ഉൽഭവ സ്ഥാനം കണ്ടെത്തണം. ഇതിന് പ്രതിരോധ നടപടി സ്വീകരിക്കുകയും വേണം. ഇതിനായി അനുവദിക്കുന്ന പണം പോരാ. മറ്റു പല ജില്ലകളേക്കാൾ ഗുരുതരമായ അവസ്ഥയാണ് ഈ കാലവർഷത്തിനുശേഷം തൃശൂർ ജില്ലയിൽ ഉണ്ടായിരിക്കുന്നത്. ഇക്കാര്യത്തിൽ വളരെ ഗൗരവതരമായ ഇടപെടൽ ആരോഗ്യ വകുപ്പിൽനിന്നും ഉണ്ടാകണം. ഇപ്പോഴുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശുഷ്കാന്തിയോടുകൂടി ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*മി. സ്പീക്കർ:* വളരെ ഗൗരവതരമായ കാര്യമാണ്. പലരും എന്നെ ബന്ധപ്പെട്ടു. എം.എൽ.എ.-യും ബന്ധപ്പെട്ടു. അതുകൊണ്ട് വളരെ ഗൗരവതരമായി ഇക്കാര്യത്തെ നോക്കേണ്ടതുണ്ട്. പ്രൈവറ്റ് ഹോസ്പിറ്റലുകളിൽ സംഭവിച്ച റിപ്പോർട്ട് ചെയ്യാത്ത മരണങ്ങൾ വളരെയധികമുണ്ട്.

ആരോഗ്യ വകുപ്പുമന്ത്രി (*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ*): സർ, കാലവർഷക്കാലത്താണ് ഇത്തരത്തിലുള്ള സാംക്രമിക രോഗങ്ങൾ കൂടുതലായി കണ്ടുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly